**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2861** **13-10-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിൽ മണ്ണിലിടംകടവ് റഗുലേറ്റർ കം ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ ജലസേചന വകുപ്പ് മുഖേന മണ്ണിലിടംകടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; | (എ) | കോഴിക്കോട് ജില്ലയിൽ ചാത്തമംഗലം പഞ്ചായത്തിൽ ചെറുപുഴയ്ക്ക് കുറുകെ മണ്ണിലിടം കടവിൽ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള 31 കോടി രൂപയുടെ വിശദ പദ്ധതി രേഖ RKI -ൽ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ പുതിയ നിർമ്മാണ പ്രവൃത്തിയായതിനാൽ മാനദണ്ഡങ്ങൾ പ്രകാരം RKI -യിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്നതിന് കഴിയാത്തതിനാൽ നബാർഡ് മാനദണ്ഡങ്ങൾക്കനുസരിച്ച് ഫണ്ട് ലഭ്യമാക്കുന്നതിനായി ഡി.പി.ആർ പുനഃസമർപ്പിക്കുന്നതിന് ജലസേചന വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കുന്ദമംഗലം, ചാത്തമംഗലം, ഓമശ്ശേരി എന്നീ പഞ്ചായത്തുകളിലും കൊടുവള്ളി മുനിസിപ്പാലിറ്റിയിലും കൃഷിക്കും കുടിവെള്ളത്തിനും വേണ്ടിയാണ് പ്രസ്തുത പ്രവൃത്തി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ നബാർഡ് മാനദണ്ഡ പ്രകാരം മേൽ പ്രവൃത്തിക്ക് ആവശ്യമായ ബെനിഫിറ്റ് കോസ്റ്റ് റേഷ്യോ (BC Ratio) ലഭിക്കാൻ സാധ്യതയില്ലാത്തതിനാൽ മേൽ പ്രവൃത്തി നബാർഡ് പദ്ധതിയിലുൾപ്പെടുത്തി പുനഃസമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ഡി.എസ്.ആർ 2018 നിലവിൽ വന്നതിനാൽ ആയത് പ്രകാരം പുതുക്കി ഉചിതമായ ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതിയ്ക്കായി സമർപ്പിക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | ഈ പ്രവർത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ ? | (ബി) | കോഴിക്കോട് ജില്ലയിൽ ചാത്തമംഗലം പഞ്ചായത്തിൽ ചെറുപുഴയ്ക്ക് കുറുകെ മണ്ണിലിടം കടവിൽ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള 31 കോടി രൂപയുടെ വിശദ പദ്ധതി രേഖ RKI -ൽ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ പുതിയ |

| | | | |
|---|---|---|---|
| | | | നിർമ്മാണ പ്രവൃത്തിയായതിനാൽ മാനദണ്ഡങ്ങൾ പ്രകാരം RKI -യിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്നതിന് കഴിയാത്തതിനാൽ നബാർഡ് മാനദണ്ഡങ്ങൾക്കനുസരിച്ച് ഫണ്ട് ലഭ്യമാക്കുന്നതിനായി ഡി.പി.ആർ പുനഃസമർപ്പിക്കുന്നതിന് ജലസേചന വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കുന്ദമംഗലം, ചാത്തമംഗലം, ഓമശ്ശേരി എന്നീ പഞ്ചായത്തുകളിലും കൊടുവള്ളി മുനിസിപ്പാലിറ്റിയിലും കൃഷിക്കും കുടിവെള്ളത്തിനും വേണ്ടിയാണ് പ്രസ്തുത പ്രവൃത്തി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ നബാർഡ് മാനദണ്ഡ പ്രകാരം മേൽ പ്രവൃത്തിക്ക് ആവശ്യമായ ബെനിഫിറ്റ് കോസ്റ്റ് റേഷ്യോ (BC Ratio) ലഭിക്കാൻ സാധ്യതയില്ലാ ത്തതിനാൽ മേൽ പ്രവൃത്തി നബാർഡ് പദ്ധതിയിലുൾപ്പെടുത്തി പുനഃസമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ഡി.എസ്.ആർ 2018 നിലവിൽ വന്നതിനാൽ ആയത് പ്രകാരം പുതുക്കി ഉചിതമായ ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതിയ്ക്കായി സമർപ്പിക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ